# REVELATION

## CHAPTER - 11

11:1(R) Most Holy place & Holy place- അതിവിശുദ്ധസ്ഥലവും വിശുദ്ധസ്ഥലവും അളക്കുക. പ്രകാരം അളക്കണ്ട outer court അളക്കാതെ വിട്ടേക്കുക. പ്രകാരം ജാതികളുടെ കൈയിൽ- 42 മാസം അവർ അതിനെ ചവിട്ടും. അളക്കുന്നത് എന്തിന്- Posession ൽ ഉള്ളതു മാത്രമെ അളക്കയുള്ളൂ. അതിന്റെ അർത്ഥം ആലയം ദൈവത്തിന്റെ നിവാസം. That is in posserion of His people now.

Ezekiel.40 ൽ നാം ദേവാലയം അളക്കുന്നതു വായിക്കുന്നു.

Rev.1:15-17 നാം പുതിയ യരുശലേം അളക്കുന്നതു വായിക്കുന്നു.

- ഈ വാക്യത്തിൽ നിന്നും ഒരു കാര്യം നിശ്ചയം- Temple will be constructed and orthodox Jews will start worshiping there. അവിടെ ഇന്ന് ആലയം ഇല്ല. യാഗവും ഇല്ല. ഇതു രണ്ടും ഈ പ്രവചന കാലത്ത് ഉണ്ടായിരിക്കും.

- 70-ാം ആഴ്ചവട്ടം (ദാനിയേൽ പ്രവചനത്തിൽ നാം കണ്ടു) ഇതു വരെ ആരംഭിച്ചിട്ടില്ല. സഭയുടെ കാലം കഴിഞ്ഞാൽ 70-ാം ആഴ്ചവട്ടം തുടങ്ങും.

- 70-ാം ആഴ്ചവട്ടത്തിന്റെ ആദ്യത്തെ half ൽ അതായത് $3^1/_2$ വർഷക്കാലത്ത് Temple പണിയപ്പെടും.

- ആകെയുള്ള കഷ്ടകാലം 7 വർഷം. ആദ്യത്തെ $3^1/_2$ വർഷം Tribulation.- അവസാനത്തെ $3^1/_2$ വർഷം great Tribulation. മഹോപദ്രവകാലം. ആദ്യത്തെ $3^1/_2$ വർഷം Jerusalem പട്ടണത്തെ അവർ കൈവശമാക്കി അതിൽ ആലയം പണിത് ആരാധന നടത്തും. അവസാനത്തെ $3^1/_2$ വർഷം പട്ടണം ജാതികളുടെ കൈയിൽ ഏൽപ്പിക്കപ്പെടും. ദേവാലയം അശുദ്ധമാക്കപ്പെടും.

11:3-6(R) Two witnesses- To prophesy for 1260 days or 42 months or $3^1/_2$ years. വേഷം- sack cloth ചണവസ്ത്രം.- Two olive tree- Two Lampstands. Who are they?. വളരെ വ്യത്യമായ അഭിപ്രായങ്ങൾ നിലവിലുണ്ട്.

Generally people agree:- (1) Moses (2) Elijah.

Elijah : Mal. 4:5

Jesus said in Math 17: 10- 13, Mark 9: 11 -13 Luke 1: 17. മലാഖി പ്രവചനത്തിന്റെ ഭാഗിക നിറവേറൽ നാം സ്നാപക യോഹന്നാനിൽ കണ്ടു.

Elijah & Moses: Math 17:3 ചിലർ മോശെക്കു പകരം Enock ആണെന്ന് വാദിക്കുന്നു. കാരണം മോശ മരിച്ചു എന്ന് ന്യായപ്രമാണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതേ സമയം Elijah യും Enock ഉം ജീവനോടെ എടുക്കപ്പെട്ടു.

- ഏതായാലും ഒന്നു തീർച്ച- ഇവർ ആരെന്ന് വെളിപ്പാടിൽ പറഞ്ഞിട്ടില്ല. Historic identification ഇല്ല. Olive & lampstand: Zach 4:2-14 ഇവിടെ യോശുവ the high priest and Serubbabel the governer. Both were empowered by Holy spirit. ഇതു പോലെ തന്നെ Rev.11 ലെ രണ്ടു സാക്ഷികളും പരിശുദ്ധാത്മ നിയോഗത്താൽ ശുശ്രൂഷക്കായി ശക്തീകരിക്കപ്പെടും.

Super natural miracle

എലിയാവെപ്പോലെ മഴനിർത്താൻ അധികാരം

മോശെയെപ്പോലെ വെള്ളം രക്തമാക്കാൻ അധികാരം, വ്യാധികളെ അയക്കാനുള്ള അധികാരം

- സാത്താന്യ ത്രിമൂർത്തികളുടെ തേർ വാഴ്ച ലോകത്തു നടക്കുമ്പോൾ-ദൈവവിശ്വാസം ഭൂമിയിൽ നിന്നും നഷ്ടപ്പെട്ടസ്ഥാനത്ത്, മഹോപദ്രവകാലത്ത് (അതായത് second $3^1/_2$ period) ഈ രണ്ടു സാക്ഷികൾ 1260 ദിവസം പ്രവചിക്കും. അവർ സാത്താന്യ ശക്തികൾക്ക്


Fleettech, Puthuppally 0481 2351 626
www.gospelinmalayalam.com

ഒറു വലിയ ഭീഷണിയായിരിക്കും.

11-: 5 അവർക്കു ദോഷം ചെയ്യാൻ ആരെങ്കിലും വിചാരിച്ചാൽ, അവരുടെ വായിൽ നിന്നു തീ പുറപ്പെട്ട് അവരുടെ ശത്രുക്കളെ ദഹിപ്പിച്ചു കളയും.

11: 7-10 ആഴത്തിൽ നിന്നും വരുന്ന മൃഗം-Anti christ- ഈ രണ്ടു സാക്ഷികളെ ജയിക്കാൻ ദൈവം ഒടുവിലായി അനുവദിക്കും- അവരുടെ Ministry കഴിഞ്ഞ ശേഷം. 1260 ദിവസം കഴിയുമ്പോൾ.

- അവരുടെ ശവങ്ങൾ സംസ്കരിക്കുവാൻ ആഴത്തിൽനിന്നും വരുന്ന മൃഗം സമ്മതിക്കയില്ല.
- യരുശലേമിൽ തെരുവീഥിയിൽ അവരുടെ ശവങ്ങൾ കിടക്കും.
- Jerusalam-figuratively called Sodom. Egypt.
- Sodom- പാപ പട്ടണം ദൈവകല്പന നിരസിച്ചുള്ള ജനജീവിതം.
- Egypt- ദൈവത്തെ ഉപേക്ഷിച്ച ജനം- Trying to keep people of God in Bondage
- സാക്ഷികളുടെ മരണം സാത്താനും സൈന്യവും ശരിക്കും ആഘോഷിക്കുന്നു.

11:11-12(R) രണ്ടു പേരും ഉയർക്കുന്നു. ലോകം മുഴുവനും അതു കാണുന്നു. ദൈവശബ്ദം കേൾക്കുന്നു. ഇവിടെ “കയറി വരുവിൻ” Come up here.

അവർ ഉയർത്ത് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു. ഇന്നത്തെ TV,Visual media, channels, ഈ സംഭവം ലോകത്തിൽ എല്ലാവരും കാണും എന്നുള്ള പ്രവചനം നിറവേറാനായി സജ്ജമായിക്കൊണ്ടിരിക്കുന്നു.

11:13-14(R) വലിയോരു ഭൂകമ്പം. 7000 പേർ മരിച്ചു. നഗരം 1/10 നശിച്ചു.

ശേഷിച്ചവർ ഭയപരവശരായി. ദൈവത്തിനു മഹത്വം കൊടുത്തു.

രണ്ടാമത്തെ കഷ്ടം കഴിഞ്ഞു. ഇനി ഒരു കഷ്ടം കൂടിയുണ്ട്.

7 കാഹളത്തിൽ 5-ാം കാഹളം- 1-ാം കഷ്ടം.

6-ാം കാഹളം 2-ാം കഷ്ടം

ഇനിയുള്ള 7-ാം കാഹളം - 3-ാം കഷ്ടം. അതിനുള്ള സമയം വന്നു.

11: 15 ഏഴാമത്തെ ദൂതൻ ഊതി: ലോക രാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു. അവർ എന്നെന്നേക്കും വാഴും എന്ന് സ്വർഗ്ഗത്തിൽ നിന്നും ഒരു മഹാഘോഷം ഉണ്ടായി.

ഇത് അനേക പ്രവചനങ്ങളുടെ നിവൃത്തി തന്നെ.

Ezek.21: 26- 27, Dan.2: 35, 44. Dan.4: 3 Dan.6:26, Dan.7: 14, 26-27. Zach.14:9

ഈ 7-ാം കാഹളത്തിനോടു ചേർന്നുണ്ടാകാനുള്ള അനവധി സംഗതികൾ ഇനിയും 16-ാം അദ്ധ്യായത്തിൽ വിവരിക്കും. അതിന്റെ പൂർത്തീകരണം കർത്താവായ യേശു ക്രിസ്തുവിന്റെ രണ്ടാം വരവിൽ അവസാനിക്കും. (മഹത്വപ്രത്യക്ഷതയിൽ)

7-ാം കാഹളം അതിനോടു ചേർന്നുള്ള “7 കലശ”ങ്ങളുടെ ന്യായവിധിക്കു തുടക്കം കുറിക്കും.

11:16-18(R) സമയം വന്നിരിക്കുന്നു- എന്തിനെല്ലാം? 24 മൂപ്പന്മാരും ദൈവ സന്നിധിയിൽ നമസ്കരിച്ചു പറഞ്ഞത്: മരിച്ചവരെ ന്യായം വിധിപ്പാനും, നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും, ചെറുതും വലിയതും ആയ വിശുദ്ധന്മാർക്കും പ്രതിഫലം കൊടുപ്പാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനുമുള്ള കാലം വന്നു-. Time has come for giving “Reward”.

ദൈവമക്കളുടെ ന്യായവിധി- പ്രതിഫലം കൊടുക്കപ്പെടുന്ന സമയം വന്നു.-അനവധി കിരീടങ്ങളുണ്ട്. ഓരോരുത്തരും കർത്താവിനായി ചെയ്ത പ്രവൃത്തികളുടെ പ്രതിഫലം വാനമേഘത്തിൽ എടുക്കപ്പെട്ടിരിക്കുന്ന സഭക്കു നൽകുവാൻ പോകുന്നു.

www.gospelinmalayalam.com

www.gospelinmalayalam.com

11: 19 സ്വർഗ്ഗത്തിലെ ദേവാലയം- മോശെ പർവ്വതത്തിൽ കണ്ട മാതൃകയിലാണ് ഭൂമിയിലെ temple നിർമ്മിച്ചത്. ഇതാ St-John സ്വർഗ്ഗത്തിലെ ആലയം തുറന്ന് അതിൽ "Ark of God" ഇരിക്കുന്നതായി കാണുന്നു.

7-ാം കാഹളത്തിനോടു ചേർന്നു സംഭവിക്കാനുള്ള കാര്യങ്ങൾ ഇനിയും വിവരിച്ചിരിക്കുന്നത് 16-ാം അദ്ധ്യായത്തിലാണ്. [12,13.14,15] അദ്ധ്യായങ്ങൾ ഇനുയുമുള്ള അനവധികാര്യങ്ങൾ വിവരിക്കും.